# കേശവദാസപുരം - നാലാഞ്ചിറ റോഡ് നിർമ്മാണോദ്ഘാടനം

തിരുവനന്തപുരം

09.06.2010.

കേശവദാസപുരം - നാലാഞ്ചിറ നാലുവരിപ്പാതയുടെ നിർമ്മാണോദ്ഘാടനം ഏറെ സന്തോഷത്തോടെ നിർവഹിച്ചതായി അറിയിക്കുന്നു. തലസ്ഥാനത്ത് ഗതാഗതം സുഗമമാക്കുന്നതിനുള്ള പദ്ധതികളിൽ പ്രധാനപ്പെട്ട ഒന്നിനാണ് ഇപ്പോൾ തുടക്കമാകുന്നത്. റോഡ് നിർമ്മാണം സമയബന്ധിതമായി പൂർത്തീകരിക്കാൻ ബന്ധപ്പെട്ട എല്ലാവരും പ്രതിബദ്ധതയോടെ പ്രവർത്തിക്കണമെന്നാണെനിക്ക് പറയാനുള്ളത്.

അടിസ്ഥാന സൗകര്യവികസനത്തിൽ അഭൂതപൂർവമായ നേട്ടങ്ങൾ കൈവരിക്കാൻ കഴിഞ്ഞ നാല് കൊല്ലംകൊണ്ട് നമുക്ക് സാധ്യമായിട്ടുണ്ട്. പൊതുമരാമത്ത് വകുപ്പ് മുമ്പെന്നത്തേക്കാളും കാര്യക്ഷമതയോടെ, വേഗത്തോടെ പ്രവൃത്തികൾ പൂർത്തിയാക്കുകയാണ്. മലയോര ജനതയുടെ ചിരകാലാഭിലാഷമായ ഹിൽ ഹൈവേയുടെ നിർമ്മാണം തുടങ്ങുന്നതിന് നടപടികളാരംഭിച്ചു. റെയിൽവേ മേൽപ്പാലങ്ങളുടെ നിർമ്മാണം ത്വരിതപ്പെടുത്താൻ നടപടി സ്വീകരിച്ചു. 17 ആർ.ഒ.ബി. കളുടെ നിർമ്മാണംകൂടി റോഡ് ആന്റ് ബ്രിഡ്ജസ് കോർപ്പറേഷന്റെ നേതൃത്വത്തിൽ നടപ്പാക്കും. അതിനായി ഇരുന്നൂറ് കോടി രൂപ നടപ്പ് വർഷം വകയിരുത്തിയിട്ടുണ്ട്. ദേശീയപാതാ നവീകരണത്തിനുള്ള നടപടികളും സത്വരമായി നടത്തിവരികയാണ്. അതേസമയം പാതവികസനത്തിന്റെ പേരിൽ ജനങ്ങളെ ബുദ്ധിമുട്ടിക്കുന്ന

നടപടിയുണ്ടാകരുതെന്നാണ് സംസ്ഥന സർക്കാരിന്റെ നിലപാട്. ദേശീയപാതയുടെ വീതി 30 മീറ്ററിൽ നിജപ്പെടുത്തണമെന്നും ബി.ഒ.ടി. വ്യവസ്ഥ ഉപേക്ഷിക്കണമെന്നും ആവശ്യപ്പെട്ട് പ്രധാന മന്ത്രിക്ക് നിവേദനം നൽകിയത് ഈ സാഹചര്യത്തിലാണ്. വീതി മാത്രമല്ല പ്രശ്നം. റോഡ് സ്വകാര്യവൽക്കരിക്കപ്പെടുന്നതാണ് പ്രധാന പ്രശ്നം. ദേശീയപാത അപ്പാടെ ബി.ഒ.ടി.യും ടോളും അടിസ്ഥാനമാക്കിയാകുന്നത് ബഹുജന താല്പര്യത്തിനെതിരാണ്. പ്രധാനമന്ത്രിക്ക് സർവകക്ഷി സംഘം നൽകിയ നിവേദനം സംബന്ധിച്ച് ചർച്ച നടത്താമെന്ന് സമ്മതിച്ചതാണ്. കേന്ദ്ര ഗവൺമെന്റിന്റെ അന്തിമ നിലപാടറിഞ്ഞശേഷം ഇക്കാര്യത്തിൽ ആവശ്യമായ തുടർനടപടികളുണ്ടാവും.

അടിസ്ഥാന സൗകര്യവികസന കാര്യത്തിൽ ഈ കാലയളവിൽ അഭൂത പൂർവ്വമായ നേട്ടമുണ്ടാക്കാൻ കഴിഞ്ഞതായി ഞാൻ സൂചിപ്പിച്ചു. കേന്ദ്രപദ്ധതികളായ വല്ലാർപാടം കണ്ടെയ്നർ ട്രാൻസ്ഷിപ്പ്മെന്റ് ടെർമിനൽ പദ്ധതിയുടെ പ്രവൃത്തി ആരംഭിക്കാനും ത്വരിതപ്പെ ടുത്താനും കഴിഞ്ഞത് സംസ്ഥാന ഗവൺമെന്റിന്റെ ഊർജ്ജിത പരിശ്രമംകൊണ്ടുകൂടിയാണ്. ഇപ്പോൾ ആ പദ്ധതി കമീഷനിങ്ങിന് തയ്യാറായിരിക്കുന്നു. എൽ.എൻ.ജി. ടെർമിനൽ പദ്ധതിയുടെ തടസ്സ ങ്ങൾ നീക്കിയതും സംസ്ഥാന സർക്കാരിന്റെ ഇടപെടൽ കൊണ്ടാണ്. സംസ്ഥാന സർക്കാർ ആവിഷ്ക്കരിച്ച കണ്ണൂർ വിമാന ത്താവള പദ്ധതിയുടെ പ്രവൃത്തി ഈ വർഷം തന്നെ തുടങ്ങാൻ കഴിയും. സ്ഥലം അക്വയർ ചെയ്തു. വിമാനത്താവള കമ്പനി രൂപീ കരിച്ചു കഴിഞ്ഞു. അലിഗഡ് യൂണിവേഴ്സിറ്റി സെന്ററിനുവേണ്ടി പെരിന്തൽമണ്ണയിൽ സ്ഥലമെടുത്തു. കാസർക്കോട്ട് കേന്ദ്ര സർവക ലാശാലക്ക് ആവശ്യമായ സ്ഥലം ലഭ്യമാക്കാൻ നടപടിയെടുത്തു.

പാലക്കാട്ട് കോച്ച് ഫാക്ടറി നേടിയെടുക്കുകയും അതിനാവശ്യമായ സ്ഥലം ലഭ്യമാക്കുകയും ചെയ്തു. തിരുവനന്തപുരത്ത് 'ഐസർ' സ്ഥാപിക്കുന്നതിന് ഇരുന്നൂറേക്കർ സ്ഥലം ലഭ്യമാക്കി. ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സ്പേസ് ടെക്നോളജിക്ക് സ്ഥലം ഏറ്റെടുത്ത് നൽകി. സ്ഥലം ലഭ്യമാക്കുക, പുനരധിവാസം ശരിയായി നടപ്പാക്കുക എന്നിവയാണ് അടിസ്ഥാന സൗകര്യവികസനത്തിൽ പ്രധാന വെല്ലുവിളി. മാതൃകാ പരമായ പുനരധിവാസ പദ്ധതി നടപ്പാക്കിക്കൊണ്ട് സമയബന്ധിത മായി സ്ഥലം ഏറ്റെടുത്ത് നൽകാൻ കഴിഞ്ഞതിനാലാണ് മേൽപ്പറഞ്ഞ പദ്ധതികൾ യാഥാർഥ്യമാക്കാനായത്. കൊച്ചിയിൽ മെട്രോ റെയിൽ പദ്ധതി കേന്ദ്ര-സംസ്ഥാന സംയുക്തസംരംഭമായി നടപ്പാക്കാൻ തീവ്രപരിശ്രമത്തിലാണ് സംസ്ഥാന സർക്കാർ.

മെട്രോ റെയിൽ പദ്ധതി മനഃപൂർവ്വം വൈകിപ്പിക്കാൻ കേന്ദ്രഗവൺമെന്റ് ശ്രമിക്കുകയാണെന്ന് കഴിഞ്ഞ ദിവസം ഞാൻ പറഞ്ഞതിനെ കേന്ദ്രമന്ത്രി ജയപാൽ റെഡ്ഡി രാഷ്ട്രീയപ്രേരിതമെന്ന് വിശേഷിപ്പിച്ചു. പദ്ധതി ധനവകുപ്പിന്റെ പരിഗണനയിലാണെന്നാണ് ജയ്പാൽ റെഡ്ഡി പറഞ്ഞത്. മറ്റെല്ലാ കടമ്പകളും കടന്നശേഷം കേന്ദ്ര ധനവകുപ്പ് അനുമതി നൽകാൻ താമസിപ്പിക്കുന്നതിന് എന്താണ് ന്യായീകരണം. മെട്രോ പദ്ധതിയോട് അനുഭാവം കാണിച്ച മന്ത്രിയാണ് ജയ്പാൽ റെഡ്ഡി. ധനവകുപ്പിന്റെ പുറംതിരിഞ്ഞുനിൽപ്പ് മാറ്റാനാണ് റെഡ്ഡി ശ്രമിക്കേണ്ടത്. സംസ്ഥാനത്തിന്റെ താല്പര്യം ഉയർത്തിപ്പിടിക്കുന്ന തിനെ രാഷ്ട്രീയപ്രേരിതമെന്ന് ആക്ഷേപിക്കുകയല്ല വേണ്ടത്.

തലസ്ഥാനത്തും അടിസ്ഥാന സൗകര്യമേഖലയിൽ വമ്പിച്ച മുന്നേറ്റ മുണ്ടാക്കാൻ കഴിഞ്ഞു. തിരുവനന്തപുരം എയർപോർട്ടിന്റെ രണ്ടാമത് അന്താരാഷ്ട്ര ടെർമിനലിന്റെ നിർമാണം പൂർത്തിയാവാറായി.

അവിടെ എയർക്രാഫ്റ്റ് മെയിന്റനൻസ് യൂണിറ്റ് സജ്ജമാവുന്നു. ഒരു ലക്ഷംപേർക്ക് തൊഴിൽ ലഭിക്കുന്ന ടെക്നോസിറ്റിയുടെ നിർമാണ പ്രവൃത്തി തുടങ്ങി. ടെക്നോപാർക്കിൽ അഭൂതപൂർവമായ വളർച്ച യാണ് കഴിഞ്ഞ നാല് വർഷംകൊണ്ടുണ്ടായത്. തലസ്ഥാനത്തിന്റെ മാത്രമല്ല, കേരളത്തിന്റെയാകെ വികസനത്തിൽ നിർണായക സ്ഥാനമുള്ള പദ്ധതിയാണ് വിഴിഞ്ഞം ഇന്റർനാഷണൽ കണ്ടെയ്നർ ട്രാൻസ്ഷിപ്പ്മെന്റ് ടെർമിനൽ പദ്ധതി. അനിശ്ചിതത്വത്തിലായിരുന്ന ആ പദ്ധതിയുടെ നടപടികൾ പുനരുജ്ജീവിപ്പിച്ചത് ഈ സർക്കാർ വന്നശേഷമാണ്. കോടതി ഇടപെടൽ കാരണം പദ്ധതിപ്രവർത്തനം തുടങ്ങാൻ കഴിഞ്ഞില്ല. എന്നാൽ വിഴിഞ്ഞം പദ്ധതി നടപ്പാക്കാൻ സംസ്ഥാന സർക്കാർ ദൃഢനിശ്ചയത്തോടെ മുന്നോട്ടുപോവുകയാണ്. പദ്ധതിയുടെ ഭാഗമായുള്ള അടിസ്ഥാനസൗകര്യവികസനത്തിന് 450കോടി രൂപ വകയിരുത്തി. ആ പ്രവൃത്തികൾ അടിയന്തിരമായി ആരംഭിക്കും. തുടർന്ന് കണ്ടെയ്നർ ടെർമിനൽ നിർമ്മാണം സ്വകാര്യ പങ്കാളിത്തത്തോടെയോ അതല്ലെങ്കിൽ വായ്പയെടുത്ത് സർക്കാരിന്റെ നേരിട്ടുള്ള നേതൃത്വത്തിലോ നടപ്പാക്കും. ഇക്കാര്യത്തിൽ വൈകാതെ തീരുമാനമുണ്ടാകും.

വികസനം, ക്ഷേമം, സമാധാനം എന്ന ലക്ഷ്യത്തോടെയാണ് ഇടതു പക്ഷജനാധിപത്യമുന്നണി ഗവൺമെന്റ് മുന്നോട്ടുപോകുന്നത്. എല്ലാ വിഭാഗങ്ങൾക്കും ക്ഷേമനിധി ഏർപ്പെടുത്തിയും ക്ഷേമപെൻഷൻ 300 രൂപയായി വർധിപ്പിച്ചും കൃഷിക്കാർ, പ്രവാസി മലയാളികൾ എന്നിവരുൾപ്പെടെയുള്ളവർക്ക് പുതുതായി പെൻഷൻ ഏർപ്പെടു ത്തിയും ക്ഷേമരംഗത്ത് മാതൃക സൃഷ്ടിക്കാൻ ഈ കാലയളവിൽ നമുക്ക് കഴിഞ്ഞു. പാവപ്പെട്ടവർക്ക് രണ്ട്രൂപ നിരക്കിൽ റേഷനരി നൽകാനും ശക്തമായ വിപണി ഇടപെടലിലൂടെ വിലക്കയറ്റം ഒരു

പരിധിവരെ പിടിച്ചുനിർത്താനും കഴിഞ്ഞു. 35 ലക്ഷം കുടുംബങ്ങൾക്ക് പ്രയോജനപ്പെടുന്ന ആരോഗ്യ സുരക്ഷാ ഇൻഷുറൻസ് നടപ്പാക്കി. എല്ലാ കുടുംബത്തിനും സ്ഥലവും വീടും ലഭ്യമാക്കി കേരളത്തെ സമ്പൂർണ്ണ പാർപ്പിട സംസ്ഥാനമാക്കി മാറ്റുന്നതിന് നാം തുടക്കം കുറിച്ചു. കാർഷികരംഗത്തെ നിരാശ മാറ്റുകയും കാർഷികോല്പാദനം വർധിപ്പിക്കാൻ സമഗ്രമായ കർമപരിപാടി നടപ്പാക്കുകയും ചെയ്തു.

ഇങ്ങനെ എല്ലാരംഗത്തും ക്ഷേമ-വികസന നടപടികളുമായി മുന്നോട്ടുപോവുകയാണ്. ഈ നടപടികൾക്ക് എല്ലാ വിഭാഗമാളുകളുടെയും പിന്തുണയുണ്ടാകണമെന്നഭ്യർത്ഥിച്ചുകൊണ്ട് നിർത്തുന്നു.

നന്ദി, നമസ്ക്കാരം.